# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4521 25.06.2019 ൽ മറുപടിക്ക്**

## സ്കൂളുകളുടെ ന്യൂനപക്ഷ പദവിയിലെ അവ്യക്തത

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | പ്രൊഫ. സി.രവീന്ദ്രനാഥ് ( പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഹൈസ്കൂളിൽ നിന്നും ഹയർസെക്കന്ററിയായി ഉയർത്തിയ ന്യൂനപക്ഷ പദവിയുള്ള സ്കൂളുകൾക്ക് പ്രസ്തുത പദവി തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ വേണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ;<br><br>( ബി) ഹൈസ്കൂളായിരിക്കുമ്പോൾ ലഭിച്ച ന്യൂനപക്ഷ പദവി പ്രസ്തുത സ്കൂളുകൾ ഹയർസെക്കന്ററിയായി ഉയർത്തുമ്പോഴും നിലനിൽക്കുമോ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് യഥാസമയം വ്യക്തതവരുത്തി ഉത്തരവ് നൽകി യിട്ടുണ്ടോ; | (എ) യും (ബി) യും | 2019-20 അദ്ധ്യായനവർഷത്തെ പ്ലസ് വൺ പ്രവേശനത്തിനുള്ള കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിൽ പ്രവേശനം നടത്തുന്നതിന് , നിലവിൽ മൈനോറിറ്റി സ്റ്റാറ്റസുള്ള എയ്ഡഡ് ഹൈസ്കൂളുകളിൽ പ്രസ്തുത സ്റ്റാറ്റസ് ഹയർ സെക്കണ്ടറി വിഭാഗത്തിനും ബാധകമാണെന്ന സങ്കല്പത്തിൽ അനുമതി നൽകിയിരുന്നു. അത്തരം സ്കൂളുകൾ മൈനോറിറ്റി സ്റ്റാറ്റസ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഈ അധ്യയന വർഷം തന്നെ ഹാജരാക്കണമെന്നും നിർദ്ദേശിച്ചിരുന്നു. |
| (സി) ഹയർ സെക്കന്ററി സ്കൂളുകളുടെ ന്യൂനപക്ഷ പദവി സംബന്ധിച്ച് വ്യക്തതയില്ലാത്തത് ഈ വർഷത്തെ കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനത്തിന് തടസ്സം നേരിട്ടിട്ടില്ല. ഇതു സംബന്ധിച്ച് നിലവിൽ മൈനോറിറ്റി സ്റ്റാറ്റസുള്ള ഹൈസ്കൂളുകളിൽ പ്രസ്തുത സ്റ്റാറ്റസ് ഹയർ സെക്കണ്ടറി വിഭാഗത്തിനും ബാധകമാക്കി സർക്കാർ യഥാസമയം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ